22 (*50) റോഡുകൾ ഗതാഗതയോഗ്യമാക്കാൻ നടപടി

ശ്രീ. കെ. അച്ചുതൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ.പി. വിശ്വനാഥൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരിപക്ഷം റോഡുകളും തകർന്ന് ഗതാഗത യോഗ്യമല്ലാതായിത്തീർന്നിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റോഡുകളുടെ മെയിന്റനൻസ് വർക്കുകൾ യഥാസമയം നടത്തുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) കാലവർഷംമൂലം കുറെ റോഡുകൾ തകരാറിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നുണ്ട്.

(സി) റോഡുകളുടെ അറ്റകുറ്റപണികൾ അനുകൂലമായ കാലാവസ്ഥയും ഫണ്ടിന്റെ ലഭ്യതയും കണക്കാക്കി ചെയ്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

23 (*53) പ്രീഡിഗ്രി കോഴ്സ് വേർപ്പെടുത്തൽ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ നിന്നും പ്രീഡിഗ്രി കോഴ്സ് വേർപെടുത്തുന്ന നടപടി ഏതുവരെയായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) എന്നത്തേക്ക് പ്രീഡിഗ്രി കോഴ്സ് പൂർണ്ണമായും വേർപെടുത്തി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിനുകീഴിൽ നടപ്പിൽ വരുത്തും എന്ന് വ്യക്തമാക്കുമോ;

(സി) പ്രീഡിഗ്രി കോഴ്സ് കോളേജുകളിൽനിന്നും വേർപെടുത്തുന്നതിന് കാലതാമസം വരുന്നതുമൂലം ഉന്നതവിദ്യാഭ്യാസമേഖലയിലുണ്ടായിട്ടുള്ള അനിശ്ചിതത്വം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിലേക്കാവശ്യമായ സ്പെഷ്യൽ റൂൾസ് എന്നത്തേക്ക് നിലവിൽ വരും എന്ന് വ്യക്തമാക്കുമോ; സ്പെഷ്യൽ റൂൾസിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) 1997-98 അദ്ധ്യയനവർഷത്തിൽ 38 ബാച്ചുകളും 98-99 ൽ 310 ബാച്ചുകളും 99-2000 -ൽ 90 ബാച്ചുകളും കോളേജുകളിൽ നിന്നും വേർപെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2000-2001 വർഷത്തോടെ പ്രീഡിഗ്രി വേർപെടുത്തൽ പൂർണ്ണമാകുമെന്ന് കരുതുന്നു.

(സി)&(ഡി) അനിശ്ചിതത്വമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സ്പെഷ്യൽ റൂൾസിന്റെ കരട് തയ്യാറായിട്ടുണ്ട്. അത് ഇനി വിവിധ സംഘടനകളുമായുള്ള ചർച്ചകൾക്കുശേഷവും വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ചതിനുശേഷവും ഈ അദ്ധ്യയനവർഷത്തിൽത്തന്നെ നിലവിൽ വരുത്താൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

24 (*54) പ്ലസ് ടൂ സ്കൂളുകൾ അനുവദിക്കാൻ നടപടി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീഡിഗ്രി വിദ്യാഭ്യാസം ഡീലിങ്ക് ചെയ്യുന്ന പ്രക്രിയ ഇപ്പോൾ ഏത് ഘട്ടത്തിലിരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രീഡ്രിഗ്രി ഡീലിങ്ക് ചെയ്യുന്ന പ്രക്രിയ സർക്കാർ നിർത്തിവെച്ചിരിക്കുകയാണോ;

(സി) ആണെങ്കിൽ അതിന്റെ കാരണങ്ങൾ വിശദീകരിക്കുമോ;

(ഡി) പ്ലസ് ടൂ സമ്പ്രദായം പൂർണ്ണമായി നടപ്പാക്കി ദേശീയ വിദ്യാഭ്യാസ പദ്ധതിക്ക് അനുസൃതമായി ഒത്തുപോകാനുള്ള കേരള സർക്കാരിന്റെ തീരുമാനം തടസ്സപ്പെട്ടുപോകാൻ സാദ്ധ്യതയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഡീലിങ്ക് ചെയ്യപ്പെട്ട ബാച്ചുകളുടെ ഫലമായി കോളേജുകളിൽ പഠനസാദ്ധ്യത നഷ്ടപ്പെടുന്ന എസ്.എസ്.എൽ.സി. വിജയിച്ച വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനസൗകര്യം ഉണ്ടാക്കാൻ സർക്കാർ ഈ വർഷം ഉണ്ടാക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയാണ്;

(എഫ്) കഴിഞ്ഞ രണ്ടുവർഷത്തെ പ്രീഡിഗ്രി വേർപെടുത്തലും പ്ലസ് ടൂ അനുവദിക്കലും ചില പ്രദേശങ്ങളിൽ ഗുരുതരമായ പ്രാദേശിക അസമത്വം ഉളവാക്കിയിട്ടുള്ളതിനാൽ അത്തരം പ്രദേശങ്ങളിലെ പ്രശ്നം പരിഹരിക്കാൻ മാത്രമായി ഈവർഷം ആവശ്യമായ പ്ലസ് ടൂ സ്കൂളുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) 1997-98 അദ്ധ്യയനവർഷത്തിൽ 30 ബാച്ചുകളും 98-99 ൽ 310 ബാച്ചുകളും 99-2000-ൽ 90 ബാച്ചുകളും വേർപെടുത്തിയിട്ടുണ്ട്.

(ബി)&(സി) നിർത്തിവെച്ചിട്ടില്ല.

(ഡി) തടസ്സപ്പെട്ടുപോകാൻ സാദ്ധ്യതയില്ല.

(ഇ) ഡീലിങ്ക് ചെയ്യപ്പെട്ട ബാച്ചുകളിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ സീറ്റുകൾ പ്ലസ് ടൂ സ്കൂളുകളിൽ ഈവർഷം അനുവദിച്ചിട്ടുണ്ട്.

(എഫ്) പുതിയ പ്ലസ്ടൂ സ്കൂളുകൾ അനുവദിക്കുന്ന അവസരത്തിൽ ഈ കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly